"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ജില്ല/താലൂക്ക് തല സ്ക്വാഡുകൾക്കുള്ള വാഹനങ്ങളുടെ മാർച്ച് മാസം വരെയുള്ള വാടകക്കുടിശ്ശികയുമായി ബന്ധപ്പെട്ട തുക, കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

**റവന്യൂ (പി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1036/2026/RD    തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-
1. സ.ഉ.(അച്ചടി)നം.428/2025/REV,തീയതി 22/10/2025.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 10/03/2026-ലെ LR/3045/2022-LR(R1) Part-IV, 19/05/2026-ലെ LR/3045/2022-LR(A7) Part-IV എന്നീ നമ്പർ കത്തുകൾ.
3. കാർഷിക അഭിവൃദ്ധി ഫണ്ട് കമ്മിറ്റിയുടെ 29/05/2026-ൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008-ലെ സെക്ഷൻ 27 എ(3) പ്രകാരം കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പിരിച്ചെടുക്കുന്ന തുകയുടെ വിനിയോഗം നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ സെക്ഷൻ 14-2 (സി) പ്രകാരം നെൽവയൽ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ല/താലൂക്കുതല സ്ക്വാഡുകളുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങളുടെ വാടകയ്ക്കും, മറ്റെല്ലാവിധ ചെലവുകൾക്കുമായി കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്ന് 25% തുക ചെലവഴിക്കാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപേക്ഷകൾ അതിവേഗത്തിൽ തീർപ്പാക്കുന്നതിനു വേണ്ടി ഫീൽഡ് പരിശോധനയ്ക്കായി ജില്ലകളിൽ വാടകയ്ക്കെടുത്തിട്ടുള്ള വാഹനങ്ങളുടെ മാർച്ച് മാസം വരെയുള്ള വാടകയായ **₹2,39,90,650/-** (രണ്ട് കോടി മുപ്പത്തിഒൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി അറുന്നൂറ്റി അൻപത് രൂപ) കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കാർഷിക അഭിവൃദ്ധി ഫണ്ട് കമ്മിറ്റിയുടെ 29/05/2026 തീയതിയിൽ ചേർന്ന യോഗത്തിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലകളിൽ വാടകയ്ക്കെടുത്തിട്ടുള്ള വാഹനങ്ങളുടെ മാർച്ച് മാസം വരെയുള്ള വാടകയായ ₹2,39,90,650/- (രണ്ടു കോടി മുപ്പത്തൊൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി അറുന്നൂറ്റി അമ്പത് രൂപ) കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനങ്ങളുടെ മാർച്ച് മാസം വരെയുള്ള കുടിശ്ശികയിനത്തിൽ പതിനാല് ജില്ലകൾക്കായി നൽകാനുള്ള ₹2,39,90,650/- (രണ്ട് കോടി മുപ്പത്തിഒൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി അറുന്നൂറ്റി അൻപത് രൂപ) കാർഷിക അഭിവൃദ്ധി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ആരംഭിച്ച STSB അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ (എക്സ്പെൻഡിച്ചർ-ഡി) വകുപ്പ് (EXP-D1/482/2025-FIN).
കൃഷി (എൻ.സി.എ) വകുപ്പ്.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (PB1/1794/2025-REV).

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 01-06-2026 12:43:58
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.
റവന്യൂ (പി ബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.